
Kerala Infrastructure and Technology for Education
ഒരു ലിറ്റിൽ കൈറ്റ് അവതരണം
മുകിൽ
ഡിജിറ്റൽ മാഗസിൻ
ജി.വി.എച്ച്.എസ്.എസ് മക്കരപ്പറമ്പ്
2018-19

# സൗഹൃദമാണ് ജീവിതം

മനുഷ്യന്റെ ഏറ്റവും വലിയ സമ്പാദ്യം അതാകട്ടെ കൈവിട്ടാൽ ഒരിക്കലും തിരിച്ചുപിടിക്കാൻ കഴിയാത്തതും.
'സൗഹൃദം' അതിലും മനോഹരമായ ഒരു വികാരം ഉണ്ടായിരിക്കാൻ ഇടയില്ല. എന്നും അനശ്വരമായി മനസിൽ ചേക്കേറുന്ന വികാരമാണ് സൗഹൃദം.
ചില സൗഹൃങ്ങൾ കുടുംബം പോലെ നിലനിന്ന് പോകാറുണ്ട് .

ഹനീന 9D -

മുകിൽ

# എന്തിനിതെല്ലാം വെറുതെ

മനുഷ്യാ എന്തിനിതെല്ലാം വെറുതെ
നീ ഭൂമിയെ എത്ര വേദനിപ്പിച്ചു
കുളിർമ ഏകുന്ന പുഴയിലെ മണലുകൾ
നീ വാരി എടുത്തില്ലേ...........

തണലും പഴവും നിനക്കുനൽകിയ
മരത്തെ നീ വെട്ടി മുറിച്ചില്ലേ
പാടവും കാടും പറമ്പുമെല്ലാം
വെട്ടിനികത്തി നിരത്തിയില്ലേ

പച്ചപിടിച്ചത് എല്ലാം നികത്തി
സൗധങ്ങളും മറ്റും പണിതില്ലേ
ചപ്പും ചവറും പ്ലാസ്റ്റിക്കുമെല്ലാം
കടലിൽ കൊണ്ടു പോയി മറിച്ചിട്ടില്ലേ......

പ്രകൃതിയെ നീ വെറുതെ ഉപദ്രവിച്ച്,
അമ്മയാം ഭൂമിയെ വെറുതെ  നോവിച്ച്
എന്തിനിതെല്ലാം ചെയ്തുപോയി
ഭൂമിയും പ്രാണനും നിന്നു വിറക്കുന്നു.

നിർത്തൂ മനുഷ്യാ...
നിന്റെ അക്രമം .

മുകിൽ

ഫാത്തിമ അൻഷ . എം    8. D

അനുഭവക്കുറിപ്പ്

# മഴ തന്ന ചിരി ഓർമ്മ

ഒരു സ്കൂൾ അവധിയിലെ  മഴക്കാലത്ത്, ഒരു ദിവസം രാവിലെ സമയം ഏകദേശം എട്ട് - എട്ടേമുപ്പതായിരിക്കും. അതിശക്തമായ ഒരു മഴ, ആ മഴയിൽ കളിക്കാനായി ഞാൻ വീടിനുമുന്നിലെ മുറ്റത്തേക്കിറങ്ങി. നന്നായി മഴയത്ത് കളിച്ചു. കുറേ സമയങ്ങൾക്കു ശേഷം ഞാൻ മഴയത്ത് കളിക്കുന്നത് എന്റെ ഉമ്മ കണ്ടു. പലതവണയായി എന്നോടു പറഞ്ഞു . "മഴ നനയണ്ട, പനി വരും മഴയത്ത് നിന്ന് കയറ് ". അതൊന്നും വകവെയ്ക്കാതെ ഞാൻ വീണ്ടും മഴയത്ത് കളിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും ഇതു തന്നെ ഉമ്മ പറഞ്ഞുകൊണ്ടിരുന്നു. ഇതൊന്നും ശ്രദ്ധിക്കാതെ ഞാൻ മഴയത്ത് കളിച്ചു. കുറച്ചുനേരം

കഴിഞ്ഞപ്പോൾ ഉമ്മ പേരമരത്തിൽ നിന്ന് ചെറിയൊരു കൊമ്പ് പറിച്ചെടുത്തു . അതു കണ്ടപ്പോൾ ഞാൻ വീടിനപ്പുറത്തുള്ള ഉപ്പാന്റെ അനിയന്റെ വീടിനു മുൻപിലേക്കോടി. അവിടെ വഴുക്കലുണ്ടായിരുന്നു. അവിടെ എത്തിയതും ഞാൻ വഴുതി വീണു. ആ വീഴ്ചയിലെന്റെ ഇടതു കൈ കേടുവന്നു.ഇപ്പോൾ മഴ കണ്ടാൽ ഇതെന്റെ മനസ്സിലേക്കോടി വരും. ഇതെല്ലാം ഓർക്കുമ്പോൾ എനിക്ക് ചിരി അടക്കാൻ കഴിയാറില്ല.ഇതെല്ലാം പറഞ്ഞ് ഇപ്പോഴും എന്റെ ഉപ്പാന്റെ അനിയൻ എന്നെ കളിയാക്കാറുണ്ട്. ആദ്യമൊക്കെ കളിയാക്കുമ്പോൾ ദേഷ്യം വന്നിരുന്നു. പിന്നീട് കുറേ കഴിഞ്ഞ് കളിയാക്കുന്നത് കേൾക്കുമ്പോൾ എനിക്ക് ചിരി വരാറാണ്. എന്റെ ഉപ്പാന്റെ അനിയൻ പറയും എനിക്ക് ജീവനുള്ളിടത്തോളം കാലം നിന്നെ ഞാൻ കളിയാക്കി കൊണ്ടിരിക്കും . എന്റെ ജീവിതത്തിൽ ഇതൊന്നും ഞാൻ ഒരിക്കലും മറക്കില്ല.

# സ്റ്റാറ്റിസ്റ്റിക്സ് ദിനം [സ്ഥിതിഗണിത ദിനം] ജൂൺ 29

ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് (സ്ഥിതിഗണിത ദിനം) ദിനമായി രാഷ്ട്രം ആചരിക്കുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സാമ്പത്തികാസൂത്രണത്തിനും സ്ഥിതിഗണിതം തയ്യാറാക്കുന്നതിനും മികച്ച സേവനം അനുഷ്ഠിച്ച പ്രൊഫ. പ്രശാന്ത് ചന്ദ്ര മഹ്ള നോബിസിന്റെ ജന്മദിനമാണ് സ്ഥിതിഗണിത ദിനമായി ആചരിക്കുന്നത്. 2005 ജൂൺ 5 ന് കേന്ദ്ര ഗവൺമെന്റ് ദേശീയ സ്റ്റാറ്റിക്സ് ദിനമായി ആചരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനം നടത്തി. രാഷ്ട്രത്തിന്റെ വികസന മേഖലയിൽ ആസൂത്രണങ്ങളും പദ്ധതി രൂപീകരണത്തിനും

സ്ഥിതിഗണിതത്തിന്റെ  വ്യക്തത അത്യാവശ്യമാണ്. ഒരു രാഷ്ട്രത്തിലെ മനുഷ്യ വിഭവം, ഉൽപ്പാദന മേഖലകൾ, വിപണി സാധ്യതകൾ, പ്രകൃതി, കാലാവസ്ഥ എന്നിവയൊക്കെ അടിസ്ഥാന ആശയങ്ങളായി മാറും. രാഷ്ട്രം വികസന പ്രക്രിയയിലേക്ക് കടന്നുപോകാൻ കണക്കെടുപ്പുകൾ സഹായകരമാവുന്നു. മിനിസ്റ്ററി ഫോർ സ്റ്റാറ്റിക്സ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ (MOS&PI)ന്റെ നേതൃത്വത്തിലാണ് സ്ഥിതിഗണിത ദിനം ആചരിക്കുന്നത്. 2008 ലെ ചടങ്ങുകൾ വിപുലമായ നിലയിൽ നടന്നു. ന്യൂഡൽഹിയിലെ Maxmuller Marg ലെ International center ൽ വെച്ചാണ് ചടങ്ങുകൾ നടന്നത്.

# രാഷ്ട്രത്തിന്റെ സമഗ്രമായ വികസനം

രാഷ്ട്രത്തിന്റെ സമഗ്രമായ വികസനത്തിന് പ്രൊഫ. പ്രശാന്ത് ചന്ദ്ര നൽകിയ ദിശാബോധം പരമാവധി ഉപയോഗിച്ചു കൊണ്ട് പൊതുസമൂഹത്തെ, പ്രത്യേകിച്ച് യുവതലമുറയെ സ്ഥിതിഗണിതത്തെക്കുറിച്ച് ബോധവത്കരണം നടത്തുകയാണ് പ്രധാന ലക്ഷ്യം. ഈ മേഖലയിൽ സ്തുത്യർഹമായ സ്ഥാനം വഹിച്ച് രാഷ്ട്രത്തിന് മഹത്തായ സംഭാവന  നൽകിയവരെ

വേളയിൽ പുരസ്കാകങ്ങൾ നൽകി വരുന്നു. യുവജനങ്ങൾക്കും വിദ്യാർഥികൾക്കും വേണ്ടി ഉപന്യാസ

മത്സരങ്ങൾ നടത്തപ്പെടുന്നു. സംസ്ഥാന തലത്തിലും മേഖലാ തലത്തിലും ദിനാചരണങ്ങൾക്ക് ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ (FOD) നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO) എന്നീ സ്ഥാപനങ്ങൾക്കും നേതൃത്വം നൽകി വരുന്നു.

# എന്താണ് സ്ഥിതിഗണിതം(Statistics)

ഒരു രാഷ്ട്രത്തിന്റെയോ പ്രദേശത്തിന്റെയോ വിഭവങ്ങളെക്കുറിച്ചുള്ള വിപുലവും സത്യസന്ധവുമായ അറിവ് ശേഖരിക്കുകയും ക്രോഡീകരിക്കുകയും അനുമാനങ്ങളിലെത്തുകയും ചെയ്യുന്നതാണ് സ്ഥിതിഗണതം. വിഭവങ്ങളെയും സാമൂഹ്യ സാമ്പത്തിക ഘടകങ്ങളെയും പരിശോധിക്കുമ്പോൾ സ്ഥിതിവിവര സങ്കേതങ്ങൾ ഭൂതകാല വിവരങ്ങൾ എന്നിവ വ്യക്തമായി ക്രോഡീകരിക്കേണ്ടി വരും. അത്തരം ആശയങ്ങളും ധാരണകളും ഭാവിയിലേക്കുള്ള ദിശാസൂചകങ്ങളായി മാറുകയും ചെയ്യും.

ഓരോ രാജ്യത്തിലെയും അഭിവൃദ്ധിയെയും ഐശ്വര്യത്തെയും കണക്കിലെടുത്തുകൊണ്ട് ജനങ്ങൾക്ക് പ്രയോജനകരവും ഗുണമേന്മയുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക ജനാധിപത്യ ഭരണകൂടത്തിന്റെ

കടമയാണ്. ഫലവിഭവ ശേഷിയും സാമ്പത്തിക ഘടനയും രാഷ്ട്രങ്ങളിൽ വ്യത്യസ്തമാണ്. വികസിത രാഷ്ട്രങ്ങളും ദരിദ്ര രാഷ്ട്രങ്ങളും ഒരുപോലെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് തെറ്റാണ്. ആഗോളവിപണിയുടെ സ്വപ്നങ്ങളല്ല ദരിദ്ര രാഷ്ട്രങ്ങളുടെ വികസന സങ്കൽപ്പങ്ങൾ. സ്വന്തം രാഷ്ട്രത്തിലെ വിഭവ ശേഷികൾ വളർത്തുകയും ഉൽപ്പാദന മേഖലകളിൽ വർധനവ് സൃഷ്ടിക്കുകയും ചെയ്യുകയാണ് പുരോഗതിയിലേക്ക് നയിക്കപ്പെടേണ്ട രാജ്യങ്ങളുടെ കടമ. അല്ലാത്തവയൊക്കെ വികലമായ വികസന കാഴ്ചപ്പാടുകൾ ആസൂത്രണ പദ്ധതികളിൽ കടന്നുവരും.

# സെൻസസ്

പൊതുവിവര ശേഖരണം സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനശിലയാണ്. ഇന്ത്യയിലെ സെൻസസ് (കനേഷുമാരി)പത്തുവർഷത്തിലൊരിക്കലാണ് കണക്കെടുപ്പ് നടത്തുന്നത്.രാഷ്ട്രത്തിന്റെ പൊതുവിഭവങ്ങൾ,ജനസംഖ്യ, വിദ്യാഭ്യാസ, നിലവാരം, സാമ്പത്തികാവസ്ഥ, തൊഴിൽ വിവരങ്ങൾ, രോഗികൾ, ശാരീരികവെല്ലുവിളികൾ നേരിടുന്നവർ എല്ലാം സെൻസസിൽ തയാറാക്കപ്പെടുന്നു. അവ

ക്രോഡീകരിച്ചാണ് രാഷ്ട്രത്തിന്റെ സാമ്പത്തികാവസ്ഥയും പോരായ്മകളും കണ്ടെത്തുന്നത്. രാഷ്ട്രത്തിന്റെ സമഗ്രമായ പുരോഗതിയിലേക്ക് ദിശാബോധം നല്കുന്നവയാണ് ഇത്തരം കാനേഷുമാരി കണക്കാകൾ.
ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കി അവരുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുകയായിരിക്കണം ജനാധിപത്യ സർക്കാറിന്റെ ഉത്തരവാദിത്വം. ഭക്ഷ്യ സുരക്ഷ തൊഴിൽസാധ്യതകൾ, വികസന പ്രവർത്തനങ്ങൾ, കൃഷി, പാർപ്പിടം, ജലലഭ്യത എല്ലാം ഒരുക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണം.

ശാസ്ത്ര സാങ്കേതിക മേഖല, ബയോടെക്നോളജി, ആധുനിക വിനിമയോപകരണങ്ങൾ, വാർത്താവിനിമയ സാധ്യതകൾ എല്ലാം സ്ഥിതിവിവര കണക്കുകളിൽ തയ്യാറാക്കപ്പെടുന്നു. ആസൂത്രണവും നിർവഹണവും ത്വരിതഗതിയിലാക്കാൻ ഇത്തരം നൂതന സാധ്യതകൾ സഹായകരമാവുന്നു.

ജനസംഖ്യയിൽ ലോകത്തെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ചൈന വിഭവ ശേഷിയുടെ കൃത്യമായ  ആസൂത്രണത്തിലൂടെ വികസന പദ്ധതികൾ ആവിഷ്കരിക്കുകയും ലോകവിപണി പിടിച്ചടക്കുകയും ചെയ്യുകയാണ്. വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതിക രംഗം, കാർഷിക പ്രവർത്തനങ്ങൾ എന്നിവയിലൂടെ രാഷ്ട്രത്തിന്റെ ജനശക്തിയെ

ഉണർത്താനുള്ള ഇച്ഛാശക്തി സർക്കാറിനുണ്ടാവും. അങ്ങനെയായാൽ വികസിത രാഷ്ട്രങ്ങളുടെ പട്ടികയിൽ പെടുന്നതിന് നമ്മുടെ രാഷ്ട്രം അതിവിദൂരമായ കാലം കാത്തിരിക്കേണ്ടിവരില്ല.

# പ്രൊഫ. പി.സി. മഹലനോബിസ്

1893 ൽ ബംഗാളിൽ ജനിച്ചു. കൊൽക്കത്ത പ്രസിഡൻസി കോളേജിലും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലും പഠനം നടത്തി. പ്രസിഡൻസിയിൽ ഫിസിക്സ് പ്രൊഫസറായി. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റത്തിന് അടിത്തറയിട്ടു. മഹലനോബിസ് ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. 1955 ലെ രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രകൻ എന്നീ നിലകളിലും പ്രശസ്ത സേവനമനുഷ്ഠിച്ചു. മഹലനോബിസ് D square എന്ന ആശയം അവതരിപ്പിച്ചു. പത്മഭൂഷൺ ബഹുമതി ലഭിച്ചു. 1972 ൽ അന്തരിച്ചു.

# റൊണാൾഡ് ഫിഷർ

മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ പ്രചോദനത്താൽ കൊൽക്കത്തയിൽ 1930 ൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. 1941 ൽ

കൊൽക്കത്ത യൂണിവേഴ്സിറ്റി ഇവിടെ ബിരുദാനന്തര പഠനം ആരംഭിച്ചു. റൊണാൾഡ് .എ. ഫിഷർ ആധുനിക സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായി അറിയപ്പെടുന്നു.

# SEARCH OF HAPPINESS

*The Sea calls me*
*Look in to emptines*
*Birds Fly in to distance*
*without aim*

*Darkness came*
*Flowers hid Farewell to the sun*
*The moon peeps down through the sky*
*smiles among the stars*

*Nightingale sings sweets songs*
*The nature enjoys it*
*soul wanders from here and there*
*can not get salvation*

*Find solutions from the nature*
*it gives happiness to all*
*sleep in the lap of earth*

*Beena Teacher*

# തോരാമഴയത്ത്

ഇടവമാസം മുതൽ കർക്കിടകംവരെ മഴക്കാലമാണ്.
സ്കൂളുകൾ തുറക്കുന്നതും ഈ കാലത്താണ്. സ്കൂൾ വിട്ട്
വൈകുന്നേരം വീട്ടിൽ വരുമ്പോൾ തോരാമഴയായിരി-
ക്കും. അത് തോർന്ന് സന്ധ്യാനേരത്ത് ആകാശം കറു-
ത്തിരുണ്ട് മഴയുടെ വരവറിയിക്കും. അൽപ്പസമയത്തി-
ന ശേഷം അതിശക്തമായി പെയ്യും. ആ മഴയുടെ കുളി-
രിൽ ഞങ്ങൾ എല്ലാവരും കൂടി വീടിന്റെ ഉമ്മറത്തിരുന്ന
ചൂടുകാപ്പി കുടിച്ചു കൊണ്ട് മഴ ആസ്വാദിക്കും.
തിരുമുറിയാതെ പെയ്യുന്ന മഴയിൽ ചൂടുകഞ്ഞിയും
ചമ്മന്തിയും കഴിച്ച് ഞങ്ങൾ ആ തണുപ്പിൽ മൂടി
പുതച്ചിരിക്കും.

കാലവർഷത്തിൽ ആവശ്യത്തിന്പഞ്ഞവും നമ്മുടെ
വീടുകളിൽ അതിഥിയായി എത്തുന്നു. പിന്നെ കാര്യം
കഷ്ടമാണ് ഈ മൂന്നുമാസങ്ങൾ തള്ളിയാൽ നീങ്ങുകയില്ല.
ചിലമാസങ്ങളിൽ സന്ധ്യാനേരത്ത് വീശിയടിക്കുന്നകാറ്റിൽ
വൈദ്യുതിബന്ധം മുടങ്ങും. കൂട്ടുകൂടാൻ മഴയും എത്തും.
അപ്പോൾ ഉമ്മറത്തിണ്ണയിൽ മണ്ണെണ്ണ വിളക്കും കത്തിച്ച്
വച്ച് കൂട്ടമായി ഇരിക്കും അത് ആനന്ദകരമായ ഒരു അനു-

ഭവം തന്നെയാണ്. കർക്കിടകമാസങ്ങളിൽ താള തകരയോ ചുറ്റുപാടും ഉണ്ടാകുന്ന ഇലകൾ ചേർത്ത് ഇലകറികളോ ആണ് ഭക്ഷണവിഭവങ്ങൾ. മിഥുനമാസത്തിൽ പാടത്ത് പുളിപറിക്കാൻ തുടങ്ങും. പറിച്ചപാടങ്ങളിൽ അവർ പറിച്ചുകൊണ്ട് പോയതിനുശേഷം പുളിയുടെ ചെറിയ കഷ്ണങ്ങൾ എന്തെങ്കിലും ഉണ്ടാവും. അത് പെറുക്കാനായി ഉത്സാഹതോടെ പാടത്തിറങ്ങും. പാടത്തെ ചെളിയിൽ നടന്ന് ചെറിയ കിഴങ്ങുകളെല്ലാം സന്തോഷതോടെ പെറുക്കി വീട്ടിൽകൊണ്ടുവരും. എന്നിട്ട് അത് വൈകുന്നേരത്തെ ചായക്കും രാവിലത്തെ കാപ്പിക്കും പുഴങ്ങുകപതിവാണ്. മിഥുനമാസത്തെ മഴയിൽ പുഴകളിൽ പുതുവെള്ളം വരും. അപ്പോൾ ആ വരവിൽ നിറയമീനുകളും കൂടെയെത്തും. അവധി ദിവസങ്ങളിൽ ഞാനും അച്ഛനും അവനിയനും കൂടി പറമ്പിൽ നിന്ന് മണ്ണിരയും കിളച്ചെടുത്ത് ചൂണ്ടയുമായി മീൻ പിടിക്കാൻ പുഴയിലേക്കിറങ്ങും. പുഴയിൽ നിന്ന് മീൻ കിട്ടിയാൽ വീട്ടിൽ കൊണ്ടു വന്ന് കറിവെച്ച് കഴിക്കുന്നു. കൂടെ ഉണക്കമീൻ ചുട്ടതും ചമ്മന്തിയും പപ്പടം ചുട്ടതും അങ്ങനെ കടന്നുപോകുന്നു ആ മഴക്കാലം. ചിലസമയങ്ങളിൽ വീടിനുപരിസരത്തെ ഉണങ്ങിയ ഇലകളെല്ലാം വാരികൂട്ടി കൂട്ടം കൂടിയിരുന്ന് തീ കായുന്നതും പതിവാണ്. ആ കാലം നമ്മൾ അറിയാതെ കടന്നുപോകുന്നു.

ഗോപൻ രാജ്. എ
9.B